# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 680 28.02.2017 ൽ മറുപടിയ്ക്ക്**

## വികേന്ദ്രീകൃത സോളാർ പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം.ഉമ്മർ | | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വികേന്ദ്രീകൃത സോളാർ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും 31.03.2017 - മുമ്പ് വൈദ്യുതി എത്തിക്കുന്ന യത്നവുമായി കേരള സർക്കാർ മുന്നോട്ട് പോകുകയാണ്. വൈദ്യുതി എത്തിച്ചേരാത്ത വിദൂര പ്രദേശങ്ങളിൽ 447 ഗാർഹിക ഉപഭോക്താക്കൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതിയിൽ 300Wp സോളാർ പാനൽ, 120Ah ന്റെ 2 ബാറ്ററികൾ, 300VA ഇൻവെർട്ടർ, അനുബന്ധ മീറ്ററിങ്ങ് ഉപകരണങ്ങൾ, 6W ന്റെ മൂന്ന് LED ബൾബുകൾ, മൊബൈൽ ചാർജ്ജിംഗ് പോയിൻറ് എന്നിവ ഉൾപ്പെടുന്നു. സോളാർ പാനലുകൾ വ്യത്യസ്ത തരത്തിലുള്ള മേൽക്കൂരകളിൽ സ്ഥാപിക്കുന്നതിനായി രണ്ട് തരം മൗണ്ടിംഗ് സ്ട്രക്ചറുകൾ രൂപകല്പന ചെയ്തിട്ടുണ്ട്. ഒരു ഉപഭോക്താവിന് 58,000/- രൂപ അടിസ്ഥാന ചെലവായി കണക്കാക്കിയിരിക്കുന്നു. ഇതിന് പുറമേയാണ് മൗണ്ടിംഗ് സ്ട്രക്ചറുകൾക്ക് ആവശ്യമായി വരുന്ന തുക 447 ഉപഭോക്താക്കൾക്കുമായി 2.8247 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. MNRE പദ്ധതി പ്രകാരമുള്ള സാങ്കേതിക വിവരണ പ്രകാരമുള്ളതാണ് മേൽ പദ്ധതി.<br>അനെർട്ട് നടപ്പുസാമ്പത്തികവർഷം നടപ്പിലാക്കിവരുന്ന റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ ശൃംഖലാബന്ധിതമായ പദ്ധതികൾ വഴി 5MW സ്ഥാപിത ശേഷിയും ശൃംഖലാബന്ധിതമല്ലാത്ത പദ്ധതികൾ വഴി 6.4MW സ്ഥാപിതശേഷിയുമാണ് ലക്ഷ്യമിടുന്നത്.<br>അനെർട്ടിന്റെ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് വിവിധ |

| | | | |
|---|---|---|---|
| | | | സർക്കാർ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടുന്നതനുസരിച്ച് സോളാർ പദ്ധതികൾ നടപ്പിലാക്കി വരുന്നുമുണ്ട്. |
| (ബി) | ഇതിനായി കെ.എസ്.ഇ.ബി.യുടെ സ്ഥലങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇത്തരം പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബോർഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ആഫീസർ